# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6162

31-10-2011-ൽ മറുപടിക്ക്

## കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് കൊണ്ട് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുവാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതുകൊണ്ട് ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അവയുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. എന്നാൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്ന് ബോർഡിന് നിർദ്ദേശം നല്കിയിട്ടുള്ളതിനാൽ വൈദ്യുത ബന്ധം വിച്ഛേദിക്കാതിരിക്കുന്നതിനായി പ്രസ്തുത പദ്ധതികളുടെ കുടിശ്ശിക ഒടുക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് പകരം മേൽ കണക്ഷൻ എടുക്കുന്നതിനായി ബോർഡുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള അധികാരികളുടെ കണക്ഷൻ വിച്ഛേദിക്കുമെന്ന് കാണിച്ച് കത്ത് നല്കിയിട്ടുള്ളതുമാണ്. |
| (സി) ഈ പ്രശ്നം പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയും കെ. എസ്. ഇ. ബി. യും ചേർന്ന് ഒരു സ്ഥിരം സംവിധാനത്തിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ